**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 115 — 26.09.2016 ൽ മറുപടിയ്ക്ക്

**തിരൂർ ഉണ്ണ്യാലിലെ അക്രമം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. സി. മമ്മുട്ടി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | തിരൂരിലെ ഉണ്ണ്യാലിൽ അക്രമിസംഘം തദ്ദേശവാസികളുടെ വീടുകളും, വാഹനങ്ങളും തകർക്കുകയും, വീടുകൾ കൊള്ളയടിക്കുകയും ചെയ്ത സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, എത്ര പേരെ പ്രതികളാക്കിയിട്ടുണ്ടെന്നും അതിൽ എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ; | (എ) | 60 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ എല്ലാംകൂടി 457 പ്രതികൾ ഉള്ളതും ഇതിൽ 141 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സംഭവം ആസൂത്രമായതായിരുന്നോ ; എങ്കിൽ അതിന്റെ ഉദ്ദേശം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) | നിയമസഭാ ഇലക്ഷൻ പ്രഖ്യാപിച്ചതിനുശേഷം ഉണ്ണ്യാൽ മേഖലയിൽ മുസ്ലീംലീഗ്, സി.പി.ഐ (എം) പ്രവർത്തകർക്കിടയിൽ ഉണ്ടായ രാഷ്ട്രീയ വൈര്യമാണ് പ്രസ്തുത അനിഷ്ട സംഭവങ്ങൾക്ക് കാരണമെന്ന് അറിവായിട്ടുണ്ട്. |
| (സി) | പ്രതികൾ ഏതു പാർട്ടിയിൽ പെട്ടവരാണെന്ന് അന്വേഷിച്ചിട്ടുണ്ടോ ; പ്രതികൾക്കെതിരെ ഏതൊക്കെ കുറ്റങ്ങൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; | (സി) | ഇത് അന്വേഷണാവസ്ഥയിലാണ്. പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143, 145, 147, 148, 283, 323, 324, 332, 308, 427, 448, 395, 294(b), 379, 307, 435, 447, 506(ii), 506 എന്നീ വകുപ്പുകളും ഇന്ത്യൻ ആയുധ നിയമത്തിലെ 27-ാം വകുപ്പ് പ്രകാരവും പൊതുമുതൽ നശിപ്പിക്കൽ നിരോധന നിയമത്തിലെ 3(1) വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ഡി) | അക്രമത്തിനിരയായവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ